**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിലെ കോന്നി അപ്ലൈഡ് സയൻസ് കോളേജിലെ കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2020–2021 സാമ്പത്തിക വർഷത്തിൽ പത്ത് ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർവ്യൂ സ്കിൽസ് പരിശീലനത്തിന്റെ ഭാഗമായി അസാപ് കേരള കോന്നി മണ്ഡലത്തിൽ വർക്ക് റെഡിനസ് പ്രോഗ്രാമിന്റെ 7 ബാച്ചുകൾ സംഘടിപ്പിച്ചു. ഓരോ ബാച്ചിനും 20,000 രൂപ വീതം കണക്കാക്കി ആകെ 1,40,000 രൂപ (7 × 20,000 രൂപ) പദ്ധതിക്കായി അനുവദിച്ചു.<br><br>ഈ ബാച്ചുകളിലൂടെയായി ആകെ 167 ഉദ്യോഗാർത്ഥികൾ പരിശീലനം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 3 ബാച്ചുകൾ 2023 ഫെബ്രുവരിയിലും, 3 ബാച്ചുകൾ 2023 ഡിസംബറിലും, ശേഷിക്കുന്ന ഒരു ബാച്ച് 2024 മാർച്ചിലുമാണ് പൂർത്തീകരിച്ചത്.<br><br>മുൻ സർക്കാരിന്റെ കാലയളവിൽ റൂസ 2, പദ്ധതി പ്രകാരം കോന്നി മണ്ഡലത്തിലെ സഹോദരൻ അയ്യപ്പൻ സ്മാരക എസ്സ്.എൻ.ഡി.പി യോഗം കോളേജിന് ഇൻഫ്രാ സ്ട്രക്ചർ ഗ്രാന്റായി 2 കോടി രൂപ വകയിരുത്തുകയും, അതിൽ ഇതുവരെ 1,54,04,022/- രൂപ വിനിയോഗിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദവിവരം ലഭ്യമാക്കാമോ; | (ബി) | പിരിവ് 'എ' യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരവും പുരോഗതിയും നൽകാമോ? | (സി) | പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടില്ല, |

സെക്ഷൻ ഓഫീസർ